കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.570/2018/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 27.02.2018

---

പരാമർശം:　　സ.ഉ.(കൈ) നം.10/2018/തസ്വഭവ , തീയതി, 27.01.2018.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവീസുകൾ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതുസർവീസ് രൂപീകരിച്ചുകൊണ്ടും ഏകീകൃത സർവീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സെക്രട്ടറിയായ ശ്രീ.എ.അജിത്കുമാർ, ഐ.എ.എസ്.-നെ ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി പരാമർശത്തിലെ ഉത്തരവ് പ്രകാരം അധിക ചുമതല നൽകി ഉത്തരവായിരുന്നു..

പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന ജീവനക്കാരെ/തസ്തികകൾ ആറ് മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്വരാജ് ഭവനിലെ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ.രാജീവ് വി.ആർ., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്.
2. ശ്രീ.ബി.കെ.ദിനേശ് കുമാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
3. ശ്രീ.ജയകുമാർ ഡി., മുനിസിപ്പൽ സെക്രട്ടറി, ചേർത്തല.
4. സീനിയർ സൂപ്രണ്ട് - 3. (പഞ്ചായത്ത് - 1, ഗ്രാമവികസനം - 1, നഗരകാര്യം - 1)
5. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1 (പഞ്ചായത്ത്)
6. കമ്പ്യൂട്ടർ അസിസ്റ്റന്റ് - 1 (പഞ്ചായത്ത്)
7. ക്ലറിക്കൽ അസിസ്റ്റന്റ് - 1 (ഗ്രാമവികസനം)
8. ലാസ്റ്റ് ഗ്രേഡ് ഓഫീസർ - 5 (പഞ്ചായത്ത് - 2, ഗ്രാമവികസനം - 2, നഗരകാര്യം - 1)

Scanned by CamScanner
Scanned by CamScanner

ക്രമനമ്പർ 4 മുതൽ 8 വരെയുള്ള ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട വകുപ്പുതലവന്മാർ അടിയന്തരമായി നിയമിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ ഉദ്യോഗസ്ഥരും പ്രിൻസിപ്പൽ ഡയറക്ടറുടെ മുമ്പാകെ എത്രയുംപെട്ടെന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ് അഞ്ചു ദിവസത്തിനകം പ്രവർത്തന സജ്ജമാക്കുവാൻ ഗ്രാമവികസന കമ്മീഷണർ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ, ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ശ്രീ.രാജീവ് വി.ആർ., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ശ്രീ.ബി.കെ.ദിനേശ് കുമാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ.ജയകുമാർ ഡി., മുനിസിപ്പൽ സെക്രട്ടറി, ചേർത്തല. (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം (ആവശ്യമായ പരസ്യ പ്രചാരണത്തിനായി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner